# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1760 04.10.2016-ൽ മറുപടിക്ക്

## സഹകരണ ബാങ്കുകൾ വഴിയുള്ള ക്ഷേമ പെൻഷൻ വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) സാമൂഹിക ക്ഷേമ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇതിനകം ഉയർന്നു വന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷൻ തുകയിൽ നിന്ന് ചിലയിടങ്ങളിൽ ഇടനിലക്കാർ നിർബന്ധ പണപ്പിരിവ് നടത്തുന്നതായ വാർത്ത പരിശോധിച്ചിട്ടുണ്ടോ;<br>(സി) എങ്കിൽ ഇത് ഗുണഭോക്താക്കളിൽ ഉണ്ടാക്കുന്ന ആശങ്കയും പ്രയാസങ്ങളും അകറ്റാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; | (എ), (ബി) & (സി) | ഇക്കാര്യത്തിൽ നിർബന്ധ പണപ്പിരിവ് നടത്തുന്നതായ പരാതികൾ ലഭിച്ചിട്ടില്ല. പെൻഷൻ വിതരണം കാര്യക്ഷമമായി നടത്തുന്നതിനും ഗുണഭോക്താക്കൾക്ക് പ്രയാസ മുണ്ടാകാതെ ലഭ്യമാക്കുന്നതിനും അതാത് സംഘം തലത്തിലും, ജില്ല, താലൂക്ക്, സംസ്ഥാന തലത്തിലും തദ്ദേശ സർക്കാർ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ അദ്ധ്യക്ഷതയിലുള്ള അംഗങ്ങൾ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ഡി) സാമൂഹിക ക്ഷേമ പെൻഷൻ വിതരണം കൂടുതൽ സുതാര്യമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (ഡി) | സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം വളരെ സുതാര്യമായാണ് നടത്തുന്നത്. പെൻഷൻ വിതരണം ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ സംഘം തലത്തിലും, ജില്ല, താലൂക്ക്, സംസ്ഥാന തലത്തിലും തദ്ദേശ സർക്കാർ |

സ്ഥാപനങ്ങളിലെ അംഗങ്ങൾ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലേക്കായി സർക്കാരിന്റെ 23.08.2016-ലെ ജി.ഒ(ആർ.റ്റി) നമ്പർ 6951/2016/ഫിൻ ഉത്തരവു പ്രകാരവും സഹകരണ സംഘം രജിസ്ട്രാരുടെ 28/2016, 29/2016 നമ്പർ സർക്കുലറുകൾ പ്രകാരവും വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ (IKM) തയ്യാറാക്കിയ സേവന എന്ന സോഫ്റ്റ്‌വെയർ സംവിധാനമാണ് പെൻഷൻ വിതരണത്തിന് ഉപയോഗിക്കുന്നത്. പെൻഷൻ വിതരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും വളരെ കാര്യക്ഷമമായ രീതിയിൽ മോണിറ്ററിംഗ് ചെയ്യുന്നതിന് ഈ സംവിധാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**